വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് 21-6-2000-ൽ ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കൈക്കൊണ്ടിട്ടുണ്ട്.

(സി) അപേക്ഷാഫീസായ 25 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായ 50 രൂപയുമാണ് ഉപഭോക്താക്കൾ അടയ്ക്കേണ്ടത്. വീടുകൾ വയറിംഗ് നടത്തേണ്ടതിന്റെ ചെലവ് താഴെപ്പറയുന്ന ഏജൻസിക്കോ, അതല്ലായെങ്കിൽ ഉപഭോക്താവിനോ അടയ്ക്കാം.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ;
2. എൻ. ഇ.എസ്. ബ്ലോക്കുകൾ ;
3. റസിഡൻസ് അസോസിയേഷനുകൾ ;
4. സഹകരണ സംഘങ്ങൾ ;
5. ഏതെങ്കിലും സന്നദ്ധ സംഘടനകൾ.

വെതർ പ്രൂഫ് കണക്ഷൻ നൽകുന്നതിനുള്ള ചെലവു മാത്രമേ ബോർഡ് വഹിക്കുകയുള്ളു. കണക്ഷൻ നൽകുന്നതിന് മറ്റേതെങ്കിലും ചെലവ് വരികയാണെങ്കിൽ (ലൈൻ വലിക്കുക, പോസ്റ്റു നീട്ടുക, ട്രാൻസ്ഫോർമർ സ്ഥാപിക്കുക എന്നിവയ്ക്കുള്ളത്) അവ മുകളിൽ പറഞ്ഞ ഏതെങ്കിലും ഏജൻസികളോ അടയ്ക്കേണ്ടതുണ്ട്.

(ഡി) ഉണ്ട്. മറ്റു കണക്ഷനുകളെ അപേക്ഷിച്ച് മുന്തിയ പരിഗണന നൽകി 31-12-2000ന് മുമ്പ് കണക്ഷൻ നൽകാനാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**പട്ടികജാതി-പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്നയിടങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിന് പദ്ധതി**

**29 (*209)** ശ്രീ. എം മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി - പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ഗവൺമെന്റ് ആശുപത്രികൾ സ്ഥാപിക്കുന്നതിന് പട്ടിജാതി-പട്ടികവർഗ്ഗ വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി പ്രകാരം ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എവിടെയെല്ലാമാണ് ആശുപത്രികൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ ആവശ്യത്തിന് ഓരോ വർഷവും വകയിരുത്തിയ തുകയിൽ എന്ത് തുക വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്. ഇപ്പോൾ ഗവൺമെന്റ് ആശുപത്രികളുടെ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്.

(ബി) ഇടുക്കി ആരോഗ്യ പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ മറയൂരിൽ ഒരു ഒ. പി. ക്ലിനിക്കും, അട്ടപ്പാടി ആരോഗ്യ പദ്ധതിയുടെ ഭാഗമായി ആഗളി പഞ്ചായത്തിലെ കൾക്കണ്ടിയിൽ ഒരു ഒ. പി. ക്ലീനിക്കും, ആരംഭിച്ചിട്ടുണ്ട്. കൂടാതെ അട്ടപ്പാടി ആരോഗ്യ പദ്ധതിക്ക് വേണ്ടി 100 കിടക്കകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അട്ടപ്പാടി ഹെൽത്ത് പ്രോജക്ടിനുവേണ്ടി 1997-98 വർഷം 15 ലക്ഷം രൂപയും 1998-99 വർഷം 15 ലക്ഷം രൂപയും 1999-2000 വർഷം 32 ലക്ഷം രൂപയും വകയിരുത്തി. ഇതിൽ 1998-99-ൽ 2 ലക്ഷം രൂപയും 1999-2000-ൽ നാലു ലക്ഷത്തി പതിനായിരം രൂപയും ചെലവാക്കി. ഇടുക്കി ഹെൽത്ത് പ്രോജക്ടിനുവേണ്ടി 1997-98-ൽ 5 ലക്ഷവും 1998-99-ൽ 5 ലക്ഷവും 1999-2000-ൽ 8 ലക്ഷം രൂപയും വകയിരുത്തി. ഇതിൽ 1999-2000-ൽ രണ്ട് ലക്ഷവും രൂപ ചെലവഴിച്ചു. മാനന്തവാടി ഹെൽത്ത് പ്രോജക്ടിനുവേണ്ടി 1996-97-ൽ 20 ലക്ഷവും 1997-98-ൽ 30 ലക്ഷവും 1998-99-ൽ 20 ലക്ഷവും 1999-2000-ൽ 5 ലക്ഷവും വകയിരുത്തി. ടി തുകകൾ അതാത് വർഷം തന്നെ ചെലവാക്കിയിട്ടുണ്ട്.

**മൈലാടിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന താപ വൈദ്യുതി നിലയം**

**30 (*210)** ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് മൈലാടിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന താപ വൈദ്യുതി നിലയത്തിന് ഉപയോഗിക്കുന്ന ഇന്ധനം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ഇന്ധനം ഉപയോഗിക്കുന്നതുമൂലം പുറംതള്ളുന്ന ഗന്ധകത്തിന്റെ അളവ് എത്രയായിരിക്കും ;

(സി) ഇത് പരിസ്ഥിതി മലിനീകരണത്തിന് ഇടയാക്കുമോ ;

(ഡി) ഈ പ്ലാന്റിന് വേണ്ടിയുള്ള വെള്ളം എത്രയാണ് ; ഈ വെള്ളം എവിടെ നിന്ന് എടുക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇതുമൂലം സ്ഥലത്ത് കുടിവെള്ളക്ഷാമം ഉണ്ടാക്കാൻ സാദ്ധ്യത ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly